നമ്മുടെ ഭരണഘടനയുടെ പുനരവലോകനം

എം.ജി.വൈദ്യ

1950 ജനുവരി 26ന് നമ്മുടെ ഭരണഘടന നിലവിൽ വന്നിട്ട് ഇപ്പോൾ 60 വർഷം കഴിഞ്ഞിരിക്കുന്നു. ഈ അവസരത്തിൽ അത് പുനരവലോകനം ചെയ്യേണ്ടത് ആവശ്യമാണ്. എന്നെല്ലാം ഭരണഘടന ഭേദഗതി ചെയ്യേണ്ടതുണ്ടെന്ന അഭിപ്രായം പൊന്തിവന്നിട്ടുണ്ടോ അപ്പോഴെല്ലാം അംബേദ്കർ പക്ഷപാതികൾ ക്ഷോഭം പ്രകടിപ്പിക്കുക പതിവാണ്. ഭരണഘടനയെക്കുറിച്ച് എന്തെങ്കിലും പറഞ്ഞാൽ മതി ഡോ.ബി.ആർ.അംബേദ്ക്കറെ അപമാനിക്കുന്നതിന് തുല്യമാണെന്ന് വിചാരിക്കുന്നവരാണവർ. ഭരണഘടന ആവിഷ്കരിക്കുന്നതിൽ ഡോ.അംബേദ്കറുടെ പങ്ക് നിസ്തുലമാണെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. പക്ഷെ അദ്ദേഹം അവസാനത്തെ പ്രവാചകനൊന്നുമല്ല. തന്നെ അങ്ങിനെ കാണുന്നതിനെ ഒരു തരത്തിലും ഇഷ്ടപ്പെടാത്ത ആളായിരിക്കും അദ്ദേഹം. അതുകൊണ്ടുതന്നെ നമ്മുടെ ഭരണഘടന പറയുന്നതൊന്നും അന്തിമമാവണമെന്നില്ല. അങ്ങിനെയായിരുന്നുവെങ്കിൽ പാർലമെന്റിന് ഭരണഘടന ഭേദഗതി ചെയ്യാൻ അധികാരം നൽകുന്ന 368-ാം വകുപ്പ് അതിൽ ഉൾപ്പെടുത്തുകയില്ലായിരുന്നുവല്ലെ. കഴിഞ്ഞ 60 വർഷങ്ങൾക്കകം ഏതാണ്ട് നൂറോളം ഭേദഗതികൾ ഭരണഘടനയിൽ വരുത്തിക്കഴിയുകയും ചെയ്തിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ ഭരണഘടനയുടെ അടിസ്ഥാനസങ്കൽപ്പങ്ങൾക്ക് ഹാനിവരുത്താത്ത ചില ഭേദഗതി നിർദ്ദേശങ്ങൾ ഞാൻ ഉന്നയിക്കുകയാണ്. ഇതൊരു സർവ്വതരസ്പർശിയും പൂർണ്ണവുമായ രേഖയാണെന്ന് അവകാശപ്പെടുന്നില്ല.

നിർദ്ദേശം: ആമുഖത്തിൽനിന്ന് സോഷ്യലിസ്റ്റ് സെക്യുലർ (മതേതരം) എന്നീ വാക്കുകൾ ഒഴിവാക്കണം.

കാരണം: ആദ്യത്തേത് അപ്രസക്തവും രണ്ടാത്തേത് വേണ്ടാത്തതുമാണ്. കുപ്രസിദ്ധമായ അടിയന്തരാവസ്ഥക്കാലത്ത് 1976 ൽ 42-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് സമാജവാദപരം (സോഷ്യലിസ്റ്റ്) മതേതരം (സെക്യുലർ) എന്നീ വാക്കുകൾ ഭരണഘടനയുടെ ആമുഖത്തിൽ ചേർക്കപ്പെട്ടത്. ഭരണഘടനാ നിർമ്മാണ വേളയിൽ പ്രൊഫ.കെ.ടി.ഷാ ഈ ഭേദഗതികൾ ഉന്നയിച്ചിരുന്നതാണ്. എന്നാൽ അന്ന് ഡോ.അംബേദ്കർ അതിനെ നിരാകരിക്കുകയായിരുന്നു. സാമ്പത്തിക നയങ്ങളുടെ കാര്യത്തിൽ ഭരണഘടന ഭാവിതലമുറകൾക്ക് തടസ്സമാവരുത് എന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു അന്ന് അംബേദ്കർ പ്രസ്തുത നിർദ്ദേശത്തെ സ്വീകരിക്കാതിരുന്നത്. സോഷ്യലിസ്റ്റ് എന്ന വാക്ക് സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥ രാജ്യത്ത് നിലനിർത്തേണ്ട ബാദ്ധ്യതയെ കുറിക്കുമെന്ന് അദ്ദേഹം കരുതിയിരിക്കണം. മതേതരം എന്ന വാക്കിനെ അദ്ദേഹം എതിർത്തത് എന്തുകാരണത്താലാണെന്ന് എനിക്ക് മനസ്സിലാവുന്നില്ല. പക്ഷെ അതിന്റെ കാരണം ഊഹിക്കാവുന്നതേയുള്ളു. ആദ്യത്തെ 26 വർഷം ആമുഖത്തിൽ മതേതരം എന്ന വാക്ക് ഉണ്ടായിരുന്നില്ല. ആ നീണ്ട കാലയളവിലും നമ്മുടെ ഭരണകൂടം മതേതരമായിരുന്നില്ലേ? അക്കാലത്ത് നമ്മുടേത് മതാധിഷ്ഠിത രാജ്യമായിരുന്നുവോ? മതേതരം എന്ന വാക്ക് ഭരണഘടനയുടെ ആമുഖത്തിൽ ചേർത്തു എന്നതുകൊണ്ടല്ല നമ്മുടെ രാജ്യം മതേതരമായത്. അതിനാലാണ് ആ വാക്ക് അനാവശ്യമാണെന്ന് ഞാൻ പറയുന്നത്. സോഷ്യലിസ്റ്റ് എന്ന വാക്ക് അപ്രസക്തമാവുന്നത് 1991 മുതൽ നമ്മൾ സോഷ്യലിസ്റ്റ് മാതൃകയിലുള്ള സമ്പദ്വ്യവസ്ഥ ഉപേക്ഷിച്ചു എന്ന കാരണത്താലാണ്. ഇന്നത്തെ ഉദാരവൽകൃത സമ്പദ്വ്യവസ്ഥ സോഷ്യലിസ്റ്റ് എന്ന വാക്കിനെ പരിഹാസ്യമാക്കുന്നു. ഈ സ്ഥിതി ഒരു തരത്തിൽ ആമുഖത്തെ നേരിട്ടും ഭരണഘടനയെ പരോക്ഷമായും ഇടിച്ചുകാണിക്കുന്നില്ലേ?

ഒന്നാം വകുപ്പ്

നിർദ്ദേശം: ഈ വകുപ്പ് സംസ്ഥാനങ്ങളുടെ കൂട്ടായ്മയായിരിക്കും. ഭാരതം എന്നത് ഹിന്ദുസ്ഥാനം എന്നാക്കി മാറ്റണം.

കാരണം: വിദേശഭരണാധികാരികൾ ഉപയോഗിച്ചു പോന്ന ഇന്ത്യ എന്ന വാക്ക് നാം എന്തിന് തുടർന്നു ഉപയോഗിക്കണം? നമ്മുടെ രാജ്യത്തിന്റെ പുരാതനമായ പേർ ഭാരതം എന്നാണ്. ഉത്തരം യദ് സമുദ്രസ്യ, ഹിമാദ്രേശ്ചൈവ ദക്ഷിണം, വർഷം തദ്ഭാരതം നാമ എന്ന വിഷ്ണുപുരാണ ശ്ലോകം പ്രസിദ്ധമാണ്. ഭാരതം എന്നത് നമ്മുടെ ഭൂഭാഗത്തെയും ഹിന്ദുസ്ഥാനം എന്നത് നമ്മുടെ രാജ്യത്തിന്റെ സ്വഭാവത്തെയും കുറിക്കുന്നു.

25-ാം വകുപ്പ്

നിർദ്ദേശം: മതം സ്വീകരിക്കുവാനും, അനുഷ്ഠിക്കുവാനും പ്രചരിപ്പിക്കുവാനും എല്ലാവർക്കും തുല്യമായ അവകാശമുണ്ടായിരിക്കും എന്നാണ് 25-ാം വകുപ്പിൽ പറയുന്നത്. ഇതിൽ ഒരു നിബന്ധന ഞാൻ നിർദ്ദേശിക്കുന്നത് ഇതാണ്: മറ്റ് വിശ്വാസങ്ങളുടെയും മതങ്ങളുടെയും സാധുത അംഗീകരിക്കുന്ന മതങ്ങൾക്കു മാത്രമേ മതപ്രചാരണത്തിനുള്ള അവകാശം ഉണ്ടായിരിക്കൂ.

കാരണം: മറ്റ് മതങ്ങളുടെ സാംഗത്യം അംഗീകരിക്കാത്ത ചില മതങ്ങളും വിഭാഗങ്ങളുമുണ്ട്. അവരുടെ മതം മാത്രമാണ് ശരി എന്നാണ് അക്കൂട്ടരുടെ കാഴ്ചപ്പാടും വിശ്വാസവും. തങ്ങളുടെതൊഴികെ മറ്റെല്ലാ മതങ്ങളും തെറ്റാണെന്ന് ചില കൂട്ടർ കരുതുന്നു എന്നർത്ഥം. എല്ലാ മതങ്ങളും ശരിയാണെന്നും അതിനാൽ തന്നെ എല്ലാ മതങ്ങളും ആചരിക്കപ്പെടുന്നതിനും പ്രചരിപ്പിക്കപ്പെടുന്നതിനും അവകാശമുള്ളവയാണെന്നുമുള്ള നമ്മുടെ രാജ്യത്തിന്റെ അടിസ്ഥാന കാഴ്ചപ്പാടിന് നിരക്കുന്നതല്ല മേൽപ്പറഞ്ഞ കാഴ്ചപ്പാടും നിലപാടുമെന്ന് പറയേണ്ടതില്ലല്ലോ. മതേതര രാജ്യമെന്ന സങ്കൽപ്പത്തിനും ഇത് നിരക്കുന്നതല്ല. അന്യമതങ്ങളെ അംഗീകരിക്കാത്ത മതങ്ങളിൽ ആരെങ്കിലും വിശ്വസിക്കുകയും അത്തരം മതാചാരങ്ങൾ അനുഷ്ഠിക്കുകയും ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർ അങ്ങിനെ ചെയ്തുകൊള്ളട്ടെ; പക്ഷെ അവരെ മതപ്രചരണം നടത്താൻ അനുവദിച്ചുകൂടാ. കാരണം, അവർ അന്യവിശ്വാസങ്ങളോടും മതങ്ങളോടുമുള്ള അസഹിഷ്ണുതയാണ് പ്രചരിപ്പിക്കുക. ഇവിടെ നിർദ്ദേശിച്ച ഭേദഗതി അംഗീകരിച്ചാൽ ദേശീയജനതയെ മതം മാറ്റാനുള്ള പ്രവണത കുറയുകയും അത് ജനങ്ങൾ അന്യവൽക്കരിക്കപ്പെടുന്നത് ഇല്ലാതാക്കുകയും ചെയ്യും. വിഭജനത്തെ തുടർന്നുണ്ടായ ദുരന്തങ്ങൾ നാം വിസ്മരിച്ചുകൂടാ. പാകിസ്ഥാൻ ആയിത്തീർന്ന പ്രദേശത്ത് ഹിന്ദുക്കൾ ന്യൂനപക്ഷമായതാണ് നമ്മുടെ പവിത്രമായ മാതൃഭൂമിയെ വെട്ടിമുറിക്കാൻ ഇടയാക്കിയത്. തങ്ങളുടെ മതം മാത്രമാണ് ശരി എന്ന വാദക്കാരുടെ മിഷണറി പ്രവർത്തനങ്ങൾ നടക്കുന്ന പ്രദേശങ്ങളിൽ മാത്രമാണ് വിഭാഗീയപ്രക്ഷോഭങ്ങൾ അക്രമാസക്തമായി നടന്നുവരുന്നത്. കാശ്മീർ താഴ്‌വരയിലെയും നാഗാലാന്റിലെയും വടക്കുകിഴക്കൻ പ്രദേശങ്ങളിലെയും വിഭാഗീയ-വിധ്വംസക പ്രക്ഷോഭങ്ങൾ നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്.

30-ാം വകുപ്പ്

നിർദ്ദേശം: മതാധിഷ്ഠിതവും ഭാഷാധിഷ്ഠിതവുമായ എല്ലാ ന്യൂനപക്ഷങ്ങൾക്കും ആഗ്രഹം പോലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനും അവകാശം നൽകുന്നതാണ് പ്രസ്തുത വകുപ്പ്. അത്തരം സ്ഥാപനങ്ങൾ അതാത് മതക്കാരും ഭാഷക്കാരുമായ വിദ്യാർത്ഥികളുടെ മാത്രം ആവശ്യത്തിന് വേണ്ടിയാണ് പ്രവർത്തിക്കേണ്ടത് എന്ന ആ നിബന്ധനകൂടി ഈ വകുപ്പിൽ ചേർക്കണം.

കാരണം: നിരങ്കുശമായ അവകാശം മത-ഭാഷാ ന്യൂനപക്ഷങ്ങൾക്ക് നൽകുന്നത് ദുരുപയോഗപ്പെടുന്നുണ്ട്. ഭൂരിപക്ഷ സമുദായത്തിന്റെ വിശ്വാസങ്ങൾ കാരണം മത-ഭാഷാന്യൂനപക്ഷവിഭാഗങ്ങൾക്ക് അസൗകര്യമുണ്ടാകാതിരിക്കുവാനാണ് ഈ വകുപ്പ് ഏർപ്പെടുത്തപ്പെട്ടത്. സ്വന്തമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിക്കൊണ്ട് ഭാഷാപരവും മതപരവുമായ ആവശ്യങ്ങൾ ന്യൂനപക്ഷങ്ങൾക്ക് നിറവേറ്റാൻ കഴിയും. പക്ഷെ അത്തരം സ്ഥാപനങ്ങൾ ബന്ധപ്പെട്ട ന്യൂനപക്ഷവിഭാഗത്തിലെ വിദ്യാർത്ഥികൾക്കു വേണ്ടി മാത്രമുള്ളവയായിരിക്കണം. അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മറ്റ് മത-ഭാഷാവിഭാഗങ്ങളിലെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നത് ഉചിതമല്ല. ഇന്ന് ഇത്തരം ന്യൂനപക്ഷവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട വിഭാഗങ്ങളിൽപ്പെടാത്ത വിദ്യാർത്ഥികളാണ് 90 ശതമാനവും ഉള്ളത്. അത്തരം സ്ഥാപനങ്ങൾ ഭരിക്കപ്പെടേണ്ടത് ബന്ധപ്പെട്ട സർക്കാരുകളുടെ പൊതുനിയമമനുസരിച്ചായിരിക്കണം. ഭൂരിപക്ഷം വിദ്യാർത്ഥികളും അന്യമത-ഭാഷാവിഭാഗങ്ങളിൽപ്പെട്ട ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ആ പദവി എടുത്തുമാറ്റണം. ഈ നിയന്ത്രണം ഏർപ്പെടുത്തുക വഴി 29-ാം വകുപ്പിന്റെ ഉദ്ദേശ്യം ശരിക്കും സാക്ഷാൽക്കരിക്കുവാനാവും.

44-ാം വകുപ്പ്:

നിർദ്ദേശം: ഭരണഘടനയുടെ നാലാം ഭാഗത്തിൽ മാർഗ്ഗനിർദ്ദേശതത്വങ്ങൾ എന്ന തലവാചകത്തിൻ കീഴിലാണ് ഈ വകുപ്പ് വരുന്നത്. ഇത് രാജ്യത്തെ എല്ലാ പൗരന്മാർക്കും ബാധകമായ ഏകീകൃത സിവിൽ നിയമം ഉണ്ടാവണമെന്ന് അനുശാസിക്കുന്നു. പക്ഷെ ഒരു സർക്കാരും ഈ അനുശാസനം പരിഗണിച്ചിട്ടില്ല. കോടതിയുടെ വിധിയനുസരിച്ച് നടപ്പിലാക്കാൻ കഴിയാത്തതാണ് ഈ വകുപ്പ് എന്നതിനാൽ നമ്മൾ ഇപ്പോഴും 60 വർഷങ്ങൾക്ക് മുമ്പത്തെ അവസ്ഥയിൽ തന്നെയാണ്. ഈ വകുപ്പ് മൗലികാവകാശങ്ങൾ ഉൾപ്പെട്ട മൂന്നാം ഭാഗത്തിലേക്ക് ചേർക്കണം എന്ന അഭിപ്രായമാണ് ഞാൻ ഉന്നയിക്കുന്നത്. എന്നാൽ അത് നിയമപ്രകാരം നടപ്പിലാക്കുവാൻ കഴിയും. കാരണം: നമുക്ക് എല്ലാ പൗരന്മാർക്കും ബാധകമായ ക്രിമിനൽ നിയമമുണ്ട്. ശരീയത്ത് നിയമവും (ഇസ്ലാമിക് നിയമം) അനുസരിച്ചുള്ള ശിക്ഷകളല്ല ഇതിലുള്ളത്. അതുകാരണം ഇസ്ലാം ഇന്ത്യയിൽ അപകടത്തിലായിട്ടല്ലെങ്കിൽ പൊതുസിവിൽ നിയമം കൊണ്ട് എന്ത് അപകടമാണ് ഉണ്ടാവുക? ഗോവയിൽ പോർച്ചുഗീസ് ഭരണകാലം മുതൽ എല്ലാവർക്കും ബാധകമായ പൊതുസിവിൽ നിയമമാണുള്ളത്. യാതൊരു വിവേചനവും അനുഭവിക്കാതെ അവിടെ മുസ്ലീങ്ങൾ ജീവിക്കുന്നുണ്ട്. ചില മുസ്ലീം-ക്രിസ്ത്യൻ മതമൗലികവാദികൾ പൊതുസിവിൽ നിയമത്തിന്റെ പരിധിയിൽ കഴിയാൻ ഇഷ്ടപ്പെടാത്ത സാഹചര്യമുള്ളതിനാൽ അവർക്കായി ഒരു പരിമിതമായ വരണാധികാരം ഏർപ്പെടുത്താം. ഞാൻ തികച്ചും പരിമിതമായ ഒരു ഉപായത്തെ കുറിച്ചാണ് പറയുന്നത്. അല്ലാതെ അവർക്ക് ആ വ്യവസ്ഥ നിർബന്ധമായും ബാധകമാക്കണമെന്നല്ല. പൊതുസിവിൽ നിയമം അംഗീകരിക്കാൻ കഴിയാത്തവർക്ക് സംസ്ഥാന നിയമസഭകളിലേക്കും പാർലമെന്റിലേക്കും വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല. അവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ വോട്ടവകാശം അനുവദിക്കാവുന്നതാണ്.

74-ാം വകുപ്പ്:

ഈ വകുപ്പ് അനുസരിച്ച് ഇന്ന് രാഷ്ട്രപതിക്ക് ആരെയും വിളിച്ച് പ്രധാനമന്ത്രിയാക്കാം. ഞാൻ നിർദ്ദേശിക്കുന്നന്നത്, പ്രധാനമന്ത്രിയെ ലോകസഭാംഗങ്ങൾ തെരഞ്ഞെടുക്കണമെന്നും അങ്ങിനെ തിരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് രാഷ്ട്രപതി സത്യപ്രതിജ്ഞ ചൊല്ലിക്കൊടുക്കണമെന്നുമാണ്. ആർക്കാണ് ലോകസഭയിൽ ഭൂരിപക്ഷമെന്ന് നിർണ്ണയിക്കുവാനുള്ള ലളിതമായ മാർഗ്ഗമാണിത്. അങ്ങിനെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി സ്വാഭാവികമായും ലോകസഭാനേതാവായിരിക്കും.

കാരണം: ഒരു ജനാധിപത്യപത്യ സംവിധാനത്തിൽ ജനങ്ങൾ നേരിട്ടാണ് പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കേണ്ടത്. ഇപ്പോഴത്തെ പ്രധാനമന്ത്രി ഡോ.മൻമോഹൻസിംഗ് ഈ വ്യവസ്ഥ പൂർത്തീകരിച്ചിട്ടില്ല. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടാത്ത ഒരാൾ പ്രധാനമന്ത്രിയാവുക എന്നത് ജനാധിപത്യ സംവിധാനത്തിന് ഭൂഷണമല്ല. തിരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രി ലോകസഭയിൽ അംഗമല്ലെങ്കിൽ ആറ് മാസങ്ങൾക്കകം അയാൾ തെരഞ്ഞെടുക്കപ്പെടണം.

93-ാം വകുപ്പ്:

സ്പീക്കർ സഭയിലെ അംഗമായിരിക്കരുത്.

കാരണം: ഏതെങ്കിലും പാർട്ടി ടിക്കറ്റിൽ മത്സരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഒരാൾ സഭാനടപടികൾ നിഷ്പക്ഷമായി നടത്തുമെന്ന് കരുതുക അസ്വാഭാവികമാണ്. ഒരു രാഷ്ട്രീയകക്ഷിയിൽ പ്രവർത്തിക്കുന്നതോ അല്ലാത്തതോ ആയ ഒരു അറിവും കഴിവുമുള്ള വ്യക്തിയെ സഭ തെരഞ്ഞെടുക്കട്ടെ, സോമനാഥ് ചാറ്റർജിയുടെ കാര്യം പ്രസക്തമാണ്. പാർട്ടിയുടെ കല്പന അനുസരിക്കാത്തതിന് അദ്ദേഹത്തിന്റെ പാർട്ടി അദ്ദേഹത്തെ പുറത്താക്കുകയായിരുന്നു. തെരഞ്ഞെടുപ്പിൽ മത്സരിക്കാത്ത ആളെയും സഭക്ക് സ്പീക്കറായി തെരഞ്ഞെടുക്കാവുന്നതാണ്. രാജ്യവ്യാപകമായി ഈ വിഷയങ്ങളിൽ ചർച്ചകളും സംവാദങ്ങളും നടക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് ഞാൻ ഇത്രയും കുറിച്ചത്.

വികസനം ഒരു ഭാരതീയ പരിപ്രേക്ഷ്യം

ജെ.നന്ദകുമാർ

“ആധുനിക സാങ്കേതിക പ്രക്രിയകളെ പ്രയോജനപ്പെടുത്തുകയും കാർഷിക വ്യാവസായിക മേഖലകളിലെ ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടത് ഭാരതത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള കാര്യമാണ്. പക്ഷെ അങ്ങനെ ചെയ്യുമ്പോൾ ഏറ്റവും അനുവാര്യമായിട്ടുള്ള ഉദ്ദേശ്യമായി കാണേണ്ടത് വ്യക്തിയുടെ മൂല്യവും അതിന്റെ അന്തർധാരയായി വർത്തിക്കുന്ന ധർമ്മവും ആണെന്ന വസ്തുത വിസ്മരിച്ചുകൂടാ.”

ഈ തത്വത്തെ മുൻനിർത്തിയുള്ള പുരോഗതിയേ സുസ്ഥിരമാവുകയുള്ളൂ. വികസനത്തെ സംബന്ധിച്ച ഭാരതീയ പരിപ്രേക്ഷ്യത്തെ ഇങ്ങനെ സമാഹരിക്കാം. ശ്രീഗുരുജി 1972 ൽ ഠാണെയിൽ വച്ചുനടത്തിയ പ്രഭാഷണങ്ങളിൽ നിന്ന് ഠേംഗ്ഡിജി സമാഹരിച്ച വികസനസംബന്ധിയായ നിരീക്ഷണങ്ങളുടെ ആകെത്തുകയാണ് താഴെ ചേർത്തിട്ടുള്ളത്.

1. ഓരോ പൗരനും പ്രാഥമിക ജീവിതാവശ്യങ്ങൾ ലഭ്യമാകണം.

2. ഏറ്റവും ധാർമ്മികമായ രീതിയിൽ ഭൗതികസമ്പത്ത് ആർജ്ജിക്കുക. അതാകട്ടെ സമാജരൂപിയായ ഈശ്വരനെ സേവിക്കുന്നതിനുള്ള ഉപാധി എന്ന നിലയിൽ ആവണം. അതിൽ നിന്ന് ഏറ്റവും കുറച്ചു മാത്രമേ നമ്മുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവൂ. സേവനം നടത്തുവാൻ വേണ്ട സ്ഥിതിയിൽ നിങ്ങളെ നിലനിർത്തുവാൻ എത്രയാണോ വേണ്ടത് അത്രമാത്രമേ എടുക്കാവൂ. അതിൽ കൂടുതൽ അവകാശപ്പെടുകയോ, ഉപയോഗിക്കുകയോ ചെയ്യുന്നത് സമൂഹവിരുദ്ധമായി ചെയ്യുന്ന മോഷണമാണ്.

3. അങ്ങനെ നോക്കുമ്പോൾ നാം സമൂഹത്തിൽ ട്രസ്റ്റികൾ മാത്രമാണ്. ശരിയായ ട്രസ്റ്റികൾക്കു മാത്രമേ നേരാംവണ്ണം സമൂഹത്തെ സേവിക്കാൻ ആവൂ.

4. അതോടൊപ്പം വ്യക്തിപരമായ ധനാർജ്ജനത്തിന് പരിധി വേണം മറ്റൊരുവന്റെ തൊഴിലിനെ സ്വാർത്ഥലാഭത്തിനായി ചൂഷണം ചെയ്യുന്നതിന് ആർക്കും അധികാരം ഉണ്ടായിരിക്കരുത്.

5. ലക്ഷക്കണക്കിനാളുകൾ പട്ടിണികിടക്കുമ്പോൾ അമിതവും അറപ്പുളവാക്കുന്നതും നിഷ്പ്രയോജനകരവുമായ ചെലവുകൾ മഹാപാപമാണ്. എല്ലാതരം ഉപഭോഗങ്ങളുടെയും മേലെ യുക്തിസഹമായ നിയന്ത്രണം ഉണ്ടായിരിക്കണം. ഹൈന്ദവ സംസ്കൃതിയുമായി ‘ഉപഭോഗവാദം’പൊരുത്തപ്പെടുന്നില്ല.

6. പരമാവധി ഉല്പാദനം, സമാനമായ വിതരണം ഇതായിരിക്കണം നമ്മുടെ ലക്ഷ്യവാക്യം, ദേശീയ സ്വയംപര്യാപ്തത അടിയന്തരലക്ഷ്യവും.

7. തൊഴിൽ ഇല്ലായ്മയും, തൊഴിൽ അപര്യാപ്തതയും യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കണം.

8. വ്യവസായവൽക്കരണം അിവാര്യമാണ്, പക്ഷേ അത് അന്ധമായ പാശ്ചാത്യാനുകരണം ആവരുത്. പ്രകൃതിയെ ദോഹനം ചെയ്യാനേ പാടുള്ളൂ, കൊല്ലരുത്. പാരിസ്ഥിതിക ഘടകങ്ങൾ, പ്രകൃതിയുടെ സന്തുലിതാവസ്ഥ, ഭാവിതലമുറയുടെ ആവശ്യങ്ങൾ എന്നുവയ്ക്കുനേരെ കണ്ണടയ്ക്കാൻ പാടില്ല. വിദ്യാഭ്യാസം, പാരിസ്ഥിതിക ശാസ്ത്രം, ധനതത്വശാസ്ത്രം, സദാചാരം എന്നിവയെക്കുറിച്ച് സമഗ്രവും സംയോജിതവുമായ ചിന്തയാണ് വേണ്ടത്.

9.കൂടുതൽ ഊന്നേണ്ടത് തൊഴിൽ അധിഷ്ഠിത വ്യവസായങ്ങളിലാണ്. അല്ലാതെ മൂലധനാധിഷ്ഠിത സംരംഭങ്ങളിലല്ല.

10. കൈത്തൊഴിൽ ചെയ്യുന്നവരെ സഹായിക്കും മട്ടിൽ വേണം ആധുനിക ശാസ്ത്രസാങ്കേതിക വിദഗ്ദ്ധർ തദ്ദേശീയ ഉല്പാദനതന്ത്രങ്ങളിൽ മാറ്റം വരുത്തേണ്ടത്.

അതൊരിക്കലും തൊഴിലില്ലായ്മ വർദ്ധിപ്പിക്കുകയോ, ലഭ്യമായ താന്ത്രിക വ്യവസ്ഥാനൈപുണിയെ ഉപയോഗശൂന്യമാക്കുകയോ ചെയ്യരുത്. നിലവിലുള്ള ഉല്പാദനോപാധികളെ പരിപൂർണ്ണമായും മൂലധനേതരമാക്കാൻ സാധിക്കണം. ഉല്പാദനകേന്ദ്രങ്ങളാക്കി വീടുകളെ മാറ്റി പരിമിതമായ ഊർജ്ജോപഭോഗത്തോടെ ഉല്പാദനപ്രക്രിയയെ വികേന്ദ്രീകരിക്കുവാൻ കഴിയുംവിധത്തിൽ തനതായ തദ്ദേശീയ സാങ്കേതിക ശാസ്ത്രം വികസിപ്പിച്ചെടുക്കാൻ സാധിക്കണം.

11. തൊഴിൽവികസനത്തോടൊപ്പം നൈപുണ്യ വർദ്ധനവിനായും വ്യവസ്ഥ ചെയ്യണം.

12. ഓരോ വ്യവസായത്തിലെയും തൊഴിൽ ഒരു മൂലധന രൂപം തന്നെയാണ്. ഓരോ തൊഴിലാളിയുടെയും ശ്രമശക്തിയെ ഓഹരികളായി കണക്കാക്കുകയും അവരെ വ്യവസായസ്ഥാപനത്തിന്റെ ഓഹരി ഉടമകളായി ഉയർത്തുകയും വേണം.

13. ഉപഭോക്തൃതാത്പര്യമാണ് ദേശീയ താത്പര്യത്തോട് ഏറ്റവും അടുത്തുനിൽക്കുന്ന സാമ്പത്തിക സൂചകം. എല്ലാ വ്യാവസായികമായ ആദാനപ്രദാനങ്ങളിലും പങ്കാളിയാകുന്ന സമൂഹമാണ് മൂന്നാമത്തേത്. ‘സംയുക്ത വിലപേശൽ’ എന്ന വർത്തമാനകാല പാശ്ചാത്യസങ്കല്പം ഈ കാഴ്ചപ്പാടിനോടു യോജിക്കുന്നതല്ല. അതിനെ ‘ദേശീയ പ്രതിബദ്ധത, അതായത് തൊഴിലുടമകൾക്കും തൊഴിലാളികൾക്കും രാഷ്ട്രത്തോടുണ്ടായിരിക്കേണ്ട പ്രതിബദ്ധത എന്നോ മറ്റോ ഉള്ള പുതിയ സംജ്ഞയിട്ട് വിളിക്കണം.

14. തൊഴിലിന്റെ അതിരിക്തമൂല്യം രാഷ്ട്രത്തിനുള്ളതാണ്.

15. വ്യാവസായിക ഉടമസ്ഥതയെ സംബന്ധിച്ച് ഒരു തരത്തിലേ പാടുള്ളൂ എന്ന കാർക്കശ്യം ആവശ്യമില്ല. സ്വകാര്യ സംരംഭം, പൊതുമേഖല, സഹകരണ സ്ഥാപനങ്ങൾ, മുൻസിപ്പൽ ഉടമസ്ഥത, സ്വയംതൊഴിൽ, കൂട്ടുടമസ്ഥത (സർക്കാരും സ്വകാര്യവും), ജനാധിപത്യാധിഷ്ഠിതം മുതലായ പല രീതികളും ഉണ്ട്. ഓരോന്നിന്റെ സവിശേഷ വ്യക്തിത്വവും ദേശീയ സാമ്പത്തിക ആവശ്യവും കണക്കിലെടുത്ത് ഉടമസ്ഥത നിർണ്ണയിക്കാം.

16. ധർമ്മത്തിന്റെ അടിസ്ഥാനതത്വങ്ങളെ കൈവിടാതെയുള്ള ഏതു തരത്തിലുള്ള സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥയും രൂപപ്പെടുത്താൻ നമുക്കവകാശമുണ്ട്.

17. എന്നാൽ സമൂഹത്തിന്റെ ഉപരിഘടനയിൽ വരുത്തുന്ന മാറ്റങ്ങൾ ഓരോ വ്യക്തിയുടെയും മനസ്സിനെ വേണ്ടുംവണ്ണം പാകപ്പെടുത്തുന്നില്ലെങ്കിൽ നിഷ്പ്രയോജനകരങ്ങളാണ്. നല്ലതോ തീയതോ ആയി വ്യവസ്ഥിതി പ്രവർത്തിക്കുന്നത് അതിനു പിന്നിലുള്ള മനുഷ്യനെ ആശ്രയിച്ചാണ്.

18. വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച നമ്മുടെ വീക്ഷണം സംഘർഷാത്മകമല്ല.

എല്ലാ വ്യക്തികളിലും നിലനിൽക്കുന്നത് ഏകമായ ബോധസത്തയാണെന്ന തിരിച്ചറിവിന്റെ ആധാരത്തിലുള്ള സാമഞ്ജസ്യവും സഹകരണവുമാണ് ആബാന്ധവത്തെ നിലനിർത്തുന്നതെന്ന് നാം കരുതുന്നു. സംയുക്തവും സമഗ്രവുമായ സാമൂഹ്യ വ്യക്തിത്വത്തിലെ സചേതനവും അഭിന്നവുമായ അംഗമാണ് വ്യക്തി.

സമ്പൂർണ്ണ രാഷ്ട്രവുമായി താദാത്മ്യം പ്രാപിക്കാൻ സഹായിക്കുന്ന ‘സംസ്കാര’ ങ്ങളാണ് ഏതൊരു സാമൂഹ്യ-സാമ്പത്തിക ക്രമത്തിന്റെയും യഥാർത്ഥ ആന്തരഘടന.

ഈ പ്രത്യേകതകളോടുകൂടിയ ഒരു വികസനരീതിയും സമ്പ്രദായവും ഘടനാതന്ത്രവും ഉണ്ടാക്കിയെടുക്കേണ്ടത് ഭാരതത്തിന്റെ മാത്രമല്ല സമ്പൂർണ്ണ വിശ്വാസത്തിന്റെയും നിലനിൽപിനും അനിവാര്യമാണ്.

ഭാരതീയമായ മാർഗ്ഗത്തിൽ നമുക്ക് ശക്തിപ്പെടുവാൻ കഴിയുന്നതിനോടൊപ്പം മറ്റുള്ളവർക്ക് വഴികാട്ടേണ്ട ഉത്തരവാദിത്വവും നമ്മിൽ നിക്ഷിപ്തമാണ്. അതു നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ടോയൻബിയുടെ താക്കീത് ഈ സന്ദർഭത്തിൽ അർത്ഥവത്താണ്.

‘ഏറ്റവും ഉദാത്തവും അതുകൊണ്ടുതന്നെ നിങ്ങളുടെ ഭാരതീയ പൈതൃകത്തിൽനിന്ന് സ്വാംശീകരിക്കേണ്ട ഒസ്യത്തുമായി ഭാരതീയ ദർശനത്തിനനുസൃതമാം വണ്ണം ജീവിക്കുന്നതിൽ ഭാരതം പരാജയപ്പെട്ടാൽ അത് സമ്പൂർണ്ണമാവനരാശിയോടു ചെയ്യുന്ന ഒരു പാതകമായിരിക്കും.

അതുകൊണ്ട് ഭാരതത്തിന് ഒരു മഹത്തായ ആദ്ധ്യാത്മിക ഉത്തരവാദിത്വമാണ് നിർവ്വഹിക്കാനുള്ളത്.

‘സഭയിലെ ജനാധിപത്യം’ ഒരു പഠനം

ജോസഫ് പുലിക്കുന്നേൽ

വിശ്വാസികൾക്ക് ഇന്ന് സഭാഭരണത്തിൽ എന്തെങ്കിലും ആധിപത്യം ഉണ്ടോ എന്നുള്ളതാണ് ആദ്യമായി അന്വേഷിക്കേണ്ടത്. പലപ്പോഴും റവ.ഡോ.പണ്ഡിതന്മാരും മെത്രാന്മാരും കത്തോലിക്കാ പള്ളികളിൽ ഇടവകയോഗം ഉണ്ട് എന്ന് ഒഴുക്കാനായി എഴുതിപോകാറുണ്ട്.

ഇടവകപ്പള്ളികളുടെ ഭരണം നടത്തപ്പെടുന്നത് ‘സീറോ മലബാർ ആർക്കി-എപ്പിസ്ക്കോപ്പൽ സഭയുടെ പള്ളഇയോഗ പ്രവർത്തന ചട്ടങ്ങൾ” എന്ന മെത്രാന്മാർ രൂപം കൊടുത്ത ഭരണനിയമം അനുസരിച്ചാണ്. ഈ നിയമത്തിന്റെ ഉദ്ദേശത്തെക്കുറിച്ച് ആമുഖമായി ഇങ്ങനെ പറയുന്നു. “ഇടവകയിലുള്ള ദൈവജനക്കൂട്ടായ്മയുടെ പ്രകടരൂപം എന്ന നിലയ്ക്ക് ഇടവകകാരിയെ ഉപദേശിക്കാനും സഹായിക്കാനും, ഇടവകയുടെ അജപാലന ധർമ്മത്തിലും സാമ്പത്തിക കാര്യങ്ങളുടെ നിർവഹണത്തിലും അദ്ദേഹത്തോടു സഹകരിച്ചു പ്രവർത്തിക്കാനും ഉദ്ദേശിച്ചുള്ളതാണ് പള്ളിയോഗം.” ഇടവകയോഗത്തിന്റെ ഉദ്ദേശം ഇടവക വികാരിയെ ഉപദേശിക്കാനും സഹായിക്കാനും മാത്രമാണ്. അവർക്ക് ഇടവക കാര്യങ്ങളിൽ യാതൊരു അധികാരവുമില്ല ആധിപത്യവുമില്ല.

പള്ളിയോഗ പ്രവർത്തന ചട്ടം 38-ാം വകുപ്പ് ഇങ്ങനെ പറയുന്നു: “രൂപതാ മെത്രാന് പൊതുയോഗത്തിലോ പ്രതിനിധി യോഗത്തിലോ പാസ്സാക്കിയ ഒരു തീരുമാനത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കാനോ, തിരുത്തലുകൾ വരുത്താനോ, അതു റദ്ദാക്കാനോ ഉള്ള അവകാശമുണ്ടായിരിക്കുന്നതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.”

ഇടവകയോഗത്തിലുള്ള പരിമിത ശുപാർശകൾപോലും റദ്ദാക്കാൻ മെത്രാന് പൂർണ്ണ അധികാരമുള്ളപ്പോൾ ഇടവകഭരണത്തിൽ എവിടെയാണ് ജനാധിപത്യമെന്ന് ബഹുമാനപ്പെട്ട മെത്രാന്മാരോ റവ.ഡോ.മാരോ വിശദീകരിച്ചു തന്നാൽ ഉപകാരമായിരുന്നു.

71-ാം വകുപ്പ് ഇങ്ങനെ പറയുന്നു: “തന്റെ മറ്റൊരു ഉത്തരവുണ്ടാകുന്നതുവരെ, രൂപതാമെത്രാന് ഗൗരവമായ കാരണങ്ങളിൽ, പൊതുയോഗത്തേയോ പ്രതിനിധിയോഗത്തേയോ സസ്പെൻഡ് ചെയ്യുകയും തന്റെ യുക്തമനുസരിച്ച് ഇടവകഭരണത്തിനായി ഇതരസംവിധാനങ്ങൾ ഏർപ്പാടാക്കുകയും ചെയ്യാവുന്നതാണ്.”

മാത്രമല്ല 74-ാം വകുപ്പ് ഇങ്ങനെ പറയുന്നു: യാതൊരു ക്രിസ്തീയ വിശ്വാസിയും ഈ ചട്ടങ്ങളെയോ അതിൽനിന്നു ത്ഭവിക്കുന്ന കാര്യങ്ങളേയോ സംബന്ധിച്ച്, സഭാധികാരികളെ അവലംബിക്കുകയല്ലാതെ, എതിർക്കാനോ നിയമനടപടികൾക്കു മുതിരാനോ പാടുള്ളതല്ല.” അതായത് ഭരണഘടനാപരമായി കത്തോലിക്കനായ ഇന്ത്യൻ പൗരന് ലഭിച്ചിരിക്കുന്ന അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കോടതിയെ സമീപിക്കാനുള്ള അവകാശം പോലും കത്തോലിക്കാ സഭയിലെ അംഗങ്ങൾക്ക് മതനിയമം മൂലം നിഷേധിക്കുകയാണിവിടെ.

ഇടവകഭരണത്തിൽ ഇന്ന് യാതൊരു ജനാധിപത്യവുമില്ല

ഇനി നമുക്ക് രൂപതാ തലത്തിലേക്കു പോകാം. ഓരോ പള്ളിയിൽ നിന്നും പള്ളിയുടെ മൊത്ത വരുമാനത്തിന്റെ പത്തു മുതൽ പന്ത്രണ്ടു ശതമാനം വരെ രൂപതയിലേക്ക് കൊടുക്കണമെന്നുള്ളതാണ് ചട്ടം. ഇങ്ങനെ ലക്ഷക്കണക്കായ സമുദായത്തിന്റെ പണം രൂപതാഭരണ കേന്ദ്രത്തിലെത്തുന്നു. അൽഫോൻസാമ്മയുടെ കബറിടത്തിൽ വീഴുന്ന പണം ഒഴുകുന്നതു രൂപതാ ഖജനാവിലേക്കാണ്. ചേർപ്പുങ്കൽ പള്ളി, അരുവിത്തുറ പള്ളി, എടത്വാപള്ളി, ഇടപ്പള്ളി പള്ളി എന്നിവിടങ്ങളിൽ ചൊല്ലിതീർക്കാൻ കഴിയാത്ത ലക്ഷക്കണക്കിനു രൂപായുടെ കുർബാന പണമുണ്ട്. അവയെല്ലാം അരമനയിലേക്കാണ് ഒഴുകുന്നത്. മലയാറ്റൂർ പള്ളിയിലെ പണം ചാക്കിൽകെട്ടി ഇന്ന് എറണാകുളം അരമനയിലേക്കെത്തുകയാണ്. ഈ പണം എന്തു ചെയ്യുന്നു? രൂപതാതലത്തിൽ വരുമാനത്തേക്കുറിച്ചോ വിനിയോഗത്തേക്കുറിച്ചോ അറിയാൻ സുതാര്യമായ യാതൊരു ഏർപ്പാടുകളുമില്ല.

രൂപതാ തലത്തിൽ പാസ്റ്ററൽ കൗൺസിൽ എന്ന ഒരു സംഘടനയുണ്ട്. പാസ്റ്ററൽ കൗൺസിൽ എന്ന ഒരു സംഘടനയുണ്ട്. പാസ്റ്ററൽ കൗൺസലിന്റെ അധികാരങ്ങൾ താഴെകൊടുക്കുന്നു. പൗരസ്ത്യ കാനോൻ നിയമം കാനോന 272: അജപാലനസാഹചര്യങ്ങൾ ആവശ്യപ്പെടുന്നെങ്കിൽ രൂപതയിൽ ഒരു പാസ്റ്ററൽ കൗൺസിൽ സ്ഥാപിക്കപ്പെടേണ്ടതാണ്. രൂപതാമെത്രാന്റെ അധികാരത്തിനുകീഴിൽ നിന്നുകൊണ്ട് രൂപതയിലെ അജപാലനപ്രവർത്തനം സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും വിലയിരുത്തുന്നതിനും പ്രായോഗിക നിഗമനങ്ങൾ മുന്നോട്ടു വയ്ക്കുന്നതിനും ഈ കൗൺസിലിന് ഉത്തരവാദിത്വമുണ്ട്.

കാനോന 273 1. വൈദികർ, സന്ന്യസ്തർ അല്ലെങ്കിൽ സന്ന്യസ്തരുടെ രീതിയിൽ കൂട്ടായ ജീവിതം നയിക്കുന്ന സമൂഹങ്ങളിലെ അംഗങ്ങൾ, പ്രത്യേകിച്ചും രൂപതാമെത്രാൻ തീരുമാനിക്കുന്ന വിധത്തിൽ നിയുക്തരായ അല്മായർ എന്നിവർ ഉൾക്കൊള്ളുന്ന പാസ്റ്ററൽ കൗൺസിൽ ഒരു ആലോചനാസമിതി മാത്രമാണ്. വിവിധതരം വ്യക്തികൾ, സംഘടനകൾ, മറ്റു സംരംഭങ്ങൾ എന്നിവയുടെ കാര്യത്തിൽ രൂപതയിലെ വിശ്വാസികളെ കഴിയുന്നിടത്തോളം പ്രതിനിധീകരിക്കുന്ന വിധത്തിൽ വേണം പാസ്റ്ററൽ കൗൺസിൽ സ്ഥാപിക്കുവാൻ.

അനുയോജ്യമെങ്കിൽ ഈ ക്രിസ്തീയവിശ്വാസികളോടൊപ്പം മറ്റുള്ളവരേയും അവർ മറ്റൊരു സ്വയാധികാരസഭയിൽപ്പെട്ടവരാണെങ്കിൽപ്പോലും പാസ്റ്ററൽ കൗൺസിലിലേക്ക് ക്ഷണിക്കുവാൻ രൂപതാമെത്രാനു സാധിക്കും. അടിയുറച്ച വിശ്വാസത്തിലും നല്ല ധാർമ്മികതയിലും വിവേകത്തിലും മുൻപന്തിയിൽ നില്ക്കുന്ന ക്രൈസ്തവവിശ്വാസികളെയല്ലാതെ ആരെയും പാസ്റ്റൽ കൗൺസിലിലേക്ക് നിയോഗിക്കുവാൻ പാടില്ല.